# 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2024 ഒക്ടോബർ 11-ാം തീയതി സമർപ്പിച്ചത്

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി)ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

1176/2024.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. സമിതിയുടെ ഘടന | .. | v |
| 2. റിപ്പോർട്ട് | .. | 1 |
| 3. അനുബന്ധം : | | |
| I. വിയോജനക്കുറിപ്പ് | .. | 3 |
| II. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 5 |

# സബ്ജക്ട് കമ്മിറ്റി IV

# (വ്യവസായവും ധാതുക്കളും)

# (2023-2026)

**ഘടന**

ചെയർപേഴ്സൺ:

ശ്രീ. പി. രാജീവ്,

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. കെ. ബാബു (നെന്മാറ )

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. വി. ശശി

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, ജോയിന്റ് സെക്രട്ടറി

ശ്രീ. അനിൽ കുമാർ ബി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി.

# 2024 -ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്കായി അയച്ച 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ (ബിൽ നമ്പർ 221), കമ്മിറ്റി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2024 -ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ, 2024 ഒക്ടോബർ 3-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2024 ഒക്ടോബർ 10-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ സഭ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2024 ഒക്ടോബർ 10-ാം തീയതി സഭാ സമ്മേളനത്തിന് ശേഷം വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെ പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

<u>2-ാം ഖണ്ഡം</u>

ബില്ലിൽ നിലവിലെ 2-ാം ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"2. <u>ചില പദപ്രയോഗങ്ങൾക്കു പകരം മറ്റു ചില പദപ്രയോഗങ്ങൾ ചേർക്കൽ.</u> — 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിൽ (2000-ലെ 5) (ഇതിനു ശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക),—

(i) "ഉപനിയമം" എന്ന പദം എവിടെയെല്ലാം വരുന്നുവോ അതിനുപകരം "ബൈലോ" എന്ന പദം തദനുസൃതമായി ചേർക്കേണ്ടതാണ്;

(ii) "വ്യവസായ സംരംഭം" എന്ന പദം എവിടെയെല്ലാം വരുന്നുവോ അതിനുപകരം "വ്യവസായ സ്ഥാപനം" എന്ന പദം തദനുസൃതമായി ചേർക്കേണ്ടതാണ്.

3-ാം ഖണ്ഡം

ബില്ലിലെ 3-ാം ഖണ്ഡത്തിന്റെ അവസാനം "ചേർക്കേണ്ടതാണ്" എന്ന വാക്കിന് പകരം "ചേർക്കേണ്ടതും (എം) ഖണ്ഡം വിട്ടുകളയേണ്ടതുമാണ്" എന്ന വാക്കുകളും ബ്രാക്കറ്റും ചേർക്കേണ്ടതാണ്.

6-ാം ഖണ്ഡം

ബില്ലിലെ 6-ാം ഖണ്ഡം വിട്ടുകളയേണ്ടതാണ്.

10-ാം ഖണ്ഡം

ബില്ലിലെ 10-ാം ഖണ്ഡത്തിലെ (ii)-ാം ഇനം വിട്ടുകളയേണ്ടതാണ്.

4) മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

5) വിയോജനക്കുറിപ്പും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും അനുബന്ധമായി ചേർത്തിരിക്കുന്നു.

തിരുവനന്തപുരം,
2024 ഒക്ടോബർ 11.

പി. രാജീവ്,
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി IV.*

## അനുബന്ധം I

## വിയോജനക്കുറിപ്പ്

ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡുകൾക്ക് 15 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും അധികാരം നൽകുന്നതിനും; സ്വകാര്യ പാർക്കുകളെ വ്യവസായ പ്രദേശമായി പ്രഖ്യാപിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പാർക്കിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ വ്യവസായ പ്രദേശ ബോർഡുകളിൽ പ്രത്യേക ക്ഷണിതാവായി ഉൾപ്പെടുത്തുന്നതിനുമുള്ള വ്യവസ്ഥകളാണ് ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി ലൈസൻസുകളും ക്ലിയറൻസ് സർട്ടിഫിക്കറ്റുകളും നൽകുന്ന നടപടിക്രമങ്ങൾ ലഘൂകരിക്കുമ്പോഴും സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയെയും പാരമ്പര്യ വ്യവസായ മേഖലയെയും സംരക്ഷിക്കുന്നതിനുള്ള നടപടികൾ ഉണ്ടാവുന്നില്ല. കയർ, കശുവണ്ടി, കൈത്തറി ഉൾപ്പെടെയുള്ള പരമ്പരാഗത വ്യവസായ മേഖലകൾ വലിയ പ്രതിസന്ധി നേരിടുകയാണ്. വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് പ്രഖ്യാപിക്കുന്ന ഇളവുകൾ പ്രായോഗികമാക്കുന്നതിനും നിലവിലുള്ള വ്യവസായങ്ങളെ സംരക്ഷിച്ചു നിർത്തുവാനും ഫലപ്രദമായ നടപടികൾ ആവിഷ്കരിക്കാത്തതിനാൽ ബില്ലിനോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

മഞ്ഞളാംകുഴി അലി (ഒപ്പ്)

അനുബന്ധം II

# 2024 -ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[അടിയിൽ വരച്ചിരിക്കുന്നതും വശത്ത് വരച്ചിരിക്കുന്നതും സമിതി നിർദ്ദേശിച്ച ഭേദഗതികളെയും നക്ഷത്രചിഹ്നം ഒഴിവാക്കിയതിനെയും സൂചിപ്പിക്കുന്നു.]

1999- ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്റ്റ് (2000-ലെ 5) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചില പദപ്രയോഗങ്ങൾക്ക് പകരം മറ്റ് ചില പദപ്രയോഗങ്ങൾ ചേർക്കൽ.—1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്റ്റിൽ (2000-ലെ 5) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക),—

(i) “ഉപനിയമം" എന്ന പദം എവിടെയെല്ലാം വരുന്നുവോ അതിനുപകരം "ബൈലോ" എന്ന പദം തദനുസൃതമായി ചേർക്കേണ്ടതാണ്;

(ii) “വ്യവസായ സംരംഭം" എന്ന പദം എവിടെയെല്ലാം വരുന്നുവോ അതിനുപകരം "വ്യവസായ സ്ഥാപനം" എന്ന പദം തദനുസൃതമായി ചേർക്കേണ്ടതാണ്.

3. 2-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 2-ാം വകുപ്പിൽ, (എ) ഖണ്ഡത്തിൽ "വ്യവസായ സ്ഥാപനങ്ങൾ" എന്ന വാക്കുകൾക്ക് പകരം "വ്യവസായ സ്ഥാപനം" എന്ന വാക്കുകൾ ചേർക്കേണ്ടതും (എം) ഖണ്ഡം വിട്ടുകളയേണ്ടതുമാണ്.

4. <u>4-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ " രണ്ട് ലക്ഷം രൂപയിൽ കൂടുതൽ മൂലധന നിക്ഷേപമുള്ള ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി" എന്ന വാക്കുകൾക്ക് പകരം "പതിനഞ്ച് കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും വൈവിദ്ധ്യവൽക്കരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

5. <u>5-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 5-ാം വകുപ്പിൽ, —

(i) (1)-ാം ഉപവകുപ്പിൽ, "ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും" എന്ന വാക്കുകൾക്ക് പകരം "സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും വൈവിദ്ധ്യവത്ക്കരിക്കുന്നതിനും ആധുനികവത്കരിക്കുന്നതിനും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (2)-ാം ഉപവകുപ്പിൽ "ഏത് ജില്ലക്ക് വേണ്ടിയാണോ അത് രൂപീകരിക്കുന്നത് ആ ജില്ലയുടെ" എന്ന വാക്കുകൾക്ക് പകരം "ഏത് വ്യവസായ പ്രദേശത്തിനു വേണ്ടിയാണോ അത് രൂപീകരിക്കുന്നത് ആ വ്യവസായ പ്രദേശത്തിന്റെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (6)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ക്ളിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:

"എന്നാൽ, വ്യവസായ പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ള സ്വകാര്യപാർക്കിന്റെ സംഗതിയിൽ ബന്ധപ്പെട്ട സ്വകാര്യ പാർക്കിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഒരു പ്രത്യേക ക്ഷണിതാവ് ആയിരിക്കേണ്ടതാണ്.".

(***)

7. <u>7-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിന്റെ 7-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ,—

(i) "ആരംഭിക്കുവാൻ" എന്ന വാക്കിന് പകരം "സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യവത്ക്കരിക്കുന്നതിനോ ആധുനികവത്കരിക്കുന്നതിനോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) "ലൈസൻസുകളുടെ പുതുക്കൽ" എന്ന വാക്കുകൾക്ക് പകരം "അവയുടെ പുതുക്കൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

8. 8-ാം വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റിന്റെ 8-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ,—

(എ) "സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന" എന്ന വാക്കുകൾക്ക് പകരം "സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യവത്ക്കരിക്കുന്നതിനോ ആധുനികവത്കരിക്കുന്നതിനോ ഉദ്ദേശിക്കുന്ന" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) “സർട്ടിഫിക്കറ്റുകളോ" എന്ന വാക്കിനുശേഷം "അല്ലെങ്കിൽ അവയുടെ പുതുക്കലോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (4)-ാം ഉപവകുപ്പിൽ "സ്ഥാപിക്കുന്നതിനും അല്ലെങ്കിൽ പ്രവർത്തിപ്പിക്കുന്നതിനും" എന്ന വാക്കുകൾക്കു പകരം "സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യവത്ക്കരിക്കുന്നതിനോ ആധുനികവത്കരിക്കുന്നതിനോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

9. 9-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 9-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ "സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന“ എന്ന വാക്കുകൾക്ക് പകരം "സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യവത്ക്കരിക്കുന്നതിനോ ആധുനികവത്കരിക്കുന്നതിനോ ഉദ്ദേശിക്കുന്ന" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

10. 11-ാം വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റിന്റെ 11-ാം വകുപ്പിൽ,—

(i) “അപ്രകാരം ഉപാധികളോടെ നൽകപ്പെട്ടത്" എന്ന വാക്കുകൾക്ക് പകരം "അപ്രകാരം നിരസിച്ചുകൊണ്ടുള്ള ഉത്തരവോ അപ്രകാരം ഉപാധികളോടെ നൽകപ്പെട്ട ഉത്തരവോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(***)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2024 ഒക്ടോബർ 10.

**ഡോ. എൻ. കൃഷ്ണ കുമാർ,**
*സെക്രട്ടറി.*

1176/2024.